# കേരള കാർഷിക സർവ്വകലാശാല

സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി

പെരുമ്പാവൂർ,ഏറണാകുളം ജില്ല, പിൻ- 683 549, കേരളം

ടെലിഫോൺ 0484-2658221; ഇ-മെയിൽ: amprs@kau.in; വെബ്സൈറ്റ്: http://amprs.kau.in


നമ്പർ.എ/420/2021 തീയതി: 03.08.2021

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഓടക്കാലി സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിലേക്ക് ഈ വർഷത്തേയ്ക്ക് ബഡ്/ ഗ്രാഫ്റ്റ് ചെയ്ത് നൽകുന്നതിന് ആവശ്യമായുള്ള നടീൽ വസ്തുക്കളുടെ പേരുകൾ ചുവടെ ചേർക്കുന്നു

| ക്രമ നം | നടീൽ വസ്തുക്കൾ | എണ്ണം |
|---|---|---|
| 1. | പ്ലാവിൻ ബഡ് തൈകൾ | 5000 |
| 2. | കുടമ്പുളി ഗ്രാഫ്റ്റ് | 2000 |
| 3. | മാവിൻ തൈകൾ (ബഡ് /ഗ്രാഫ്റ്റ്) | 1000 |
| 4. | സപ്പോട്ട ഗ്രാഫ്റ്റ് | 500 |
| 5. | റംബൂട്ടാൻ ബഡ് തൈകൾ | 1000 |
| 6. | ലെയർ (ചാമ്പ, പേര, നാരകം) | 1000 |

ഇവ ബഡ്/ ഗ്രാഫ്റ്റ് ചെയ്യുവാൻ താത്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു

ക്വട്ടേഷൻ നിരക്ക് പ്രത്യകം രേഖപ്പെടുത്തി മുദ്ര വച്ച കവറിൽ "തൈകൾ ബഡ്/ ഗ്രാഫ്റ്റ് ചെയ്ത് നൽകുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി പ്രൊഫസർ ആന്റ് ഹെഡ്, എ.എം.പി.ആർ.എസ്, ഓടക്കാലിയ്ക്ക് 18.08.2021 തീയതി 2 PM ന് മുൻപ് ലഭിക്കേണ്ടതാണ്. അന്നേ ദിവസം 2.30 ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ടി ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായാൽ, തൊട്ടടുത്ത ദിവസം തുറക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം താഴെ പറയുന്ന ആധികാരിക രേഖകൾ ഉൾകൊള്ളിക്കേണ്ടതാണ്.

1. തന്നിരിക്കുന്ന ഫോമിൽ നിരക്ക് രേഖപ്പെടുത്തി ഒപ്പ് വച്ച് സമർപ്പിക്കണം.
2. വ്യക്തിയുടെ തിരിച്ചറിയൽ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പ്

**ഡോ.ആൻസി ജോസഫ്**

**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ്: നോട്ടീസ് ബോർഡ്

പകർപ്പ്: പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷി ഭവൻ നോട്ടീസ് ബോർഡുകൾ,ഫാംസൂപ്രണ്ട്

# ക്വട്ടേഷൻ നിബന്ധനകൾ

1. മൂലകാണ്ഡ സസ്യങ്ങൾ*(rootstock)* ഈ സ്റ്റേഷനിൽ നിന്നും നൽകുന്നതാണ്.
2. ബഡ് ചെയ്യുന്നതിനാവശ്യമായ ഒട്ടു കമ്പ് സ്റ്റേഷനിലെ മാതൃവൃക്ഷങ്ങളിൽ നിന്നും ശേഖരിച്ച് നൽകുന്നതും, ഗവേഷണ കേന്ദ്രത്തിൽ വച്ച് ബഡിങ് നടത്തേണ്ടതുമാണ്.
3. ബഡിങ് ടേപ്പ്, സിപ്പ് അപ് കവർ, വളച്ച് കെട്ടുന്നതിനാവശ്യമായ പ്ലാസ്റ്റിക് വള്ളികൾ ലെയറിങ്ങിനാവശ്യമായ വസ്തുക്കൾ എന്നിവ ഇവിടെ നിന്നും നൽകുന്നതാണ്. ഗ്രാഫ്റ്റിങ്ങിന് ആവശ്യമായ കത്തികൾ കൊണ്ടുവരേണ്ടതാണ്
4. ബഡ് തൈകളുടെ പരിചരണം, ഇല പ്രായം വരെ വള പ്രയോഗം, സസ്യ സംരക്ഷണം, നന എന്നിവ ക്വട്ടേഷൻ നൽകുന്നവരുടെ ചുമതലയിലാണ് നിർവഹിക്കേണ്ടത്. ജലസേചനത്തിന് ആവശ്യമായ ജലം, പൈപ്പുകൾ തുടങ്ങിയവ സ്റ്റേഷനിൽ നിന്നും നൽകുന്നതാണ് .
5. 3-4 ഇല പ്രായമായ ബഡ് തൈകളാണ് സ്റ്റേഷന് കൈമാറേണ്ടത് .
6. മേൽപ്പറഞ്ഞ ജോലിയ്ക്ക് തൈ ഒന്നിന് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിയുടേയോ /സ്ഥാപനത്തിന്റെയോ ക്വട്ടേഷൻ തൃപ്തികരമെന്ന് തോന്നിയാൽ മാത്രം ഉറപ്പിച്ച് നൽകുന്നതായിരിക്കും
7. ക്വട്ടേഷൻ കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിക്കുവാനുള്ളഅധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും ഓരോ ഇനത്തിനും പ്രത്യകം പ്രത്യകം തുക ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്
8. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്. കാലാവധിയ്ക്ക് ശേഷം പലിശ രഹിതമായി തിരികെ നൽകുന്നതാണ്. 500 ബഡ് തൈകൾ വീതം ഉത്പാദിപ്പിച്ച് നൽകുന്ന മുറയ്ക്ക് പ്രതിഫലം നൽകുന്നതാണ്
9. കരാറുകാരനിൽ നിന്നോ. ഏജന്റിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ യൂണിവേഴ്സിറ്റി വക മറ്റ് വസ്തുവകകൾക്ക് ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ ഫാം മാനേജർ നിശ്ചയിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരൻ ഉടനെ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്ഫാം . മാനേജരുടെ ടി തീരുമാനംഅന്തിമമായിരിക്കുന്നതും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
10. ഏതെങ്കിലും കാരണവശാൽ കരാർ ഉപേക്ഷിച്ചുപോകുന്ന പക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതല്ല
11. യൂണിവേഴ്സിറ്റിയിലെ തൊഴിലാളികൾക്കോ മറ്റ് ജീവനക്കാർക്കോ ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
12. ക്വട്ടേഷൻ സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ നടത്തിപ്പിലോ എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം പ്രൊഫസർ & ഹെഡ്,എപി.എം..ആർ എസ് ഓടക്കാലിക്ക് അതിൽ തീർപ്പ് കൽപ്പിക്കുവാൻ അധികാരം ഉണ്ടായിരുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.
13. കരാർ നിയമപ്രകാരം യൂണിവേഴ്സിറ്റിക്കും കരാറുകാരനുമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പരിധി പെരുമ്പാവൂരിലുള്ള കോടതിയിൽ നിക്ഷിപ്തമായിരിക്കും
14. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ പങ്കെടുക്കുന്ന സമയത്തും കരാർ വയ്ക്കുന്നതിനായി വരുമ്പോഴും ഐഡന്റിറ്റി പ്രൂഫായി ആധാർ കാർഡ്, പാൻകാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്.
15. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി ടി അവകാശം മറ്റൊരാൾക്കും കൈമാറ്റം ചെയ്യാനോ മറിച്ചു നൽകാനോ പാടുള്ളതല്ല,
16. ഇരുപത്തിയൊന്ന് വയസ്സിൽ താഴെയുള്ളവർക്കും ഇന്ത്യൻ പൗരത്വമില്ലാത്തവർക്കും ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അർഹതയില്ലഇന്ത്യൻ കരാർ വ്യവസ്ഥപ്രകാരം കരാർ ഒപ്പിടുവാൻ . അർഹതയില്ലാത്തവരേയും ക്വട്ടേഷനിൽ പങ്കെടുപ്പിക്കുന്നതല്ല.
17. ടി.വ്യവസ്ഥകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്-

സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി, *03.08.2021* തീയതിയിലെ എ/*420/2021* നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം സമർപ്പിക്കുന്ന ക്വട്ടേഷൻ

*1.* പേര് :

*2.* അഡ്രസ്സ് :

*3.* മൊബൈൽ നമ്പർ :

| പാസ്പോർട്ട് സൈസ് ഫോട്ടോ |
|---|

| ക്രമ നം | നടീൽ വസ്തുക്കൾ | എണ്ണം | ആവശ്യപ്പെടുന്ന തുക ഒന്നിന് **(Rs.)** |
|---|---|---|---|
| *1.* | പ്ലാവിൻ ബഡ് തൈകൾ | *5000* | |
| *2.* | കുടമ്പുളി ഗ്രാഫ്റ്റ് | *2000* | |
| *3.* | മാവിൻ തൈകൾ (ബഡ് /ഗ്രാഫ്റ്റ്) | *1000* | |
| *4.* | സപ്പോട്ട ഗ്രാഫ്റ്റ് | *500* | |
| *5.* | റംബൂട്ടാൻ ബഡ് തൈകൾ | *1000* | |
| *6.* | ലെയർ (ചാമ്പ, പേര, നാരകം) | *1000* | |

തിരിച്ചറിയൽ കാർഡിന്റെ കോപ്പി, പാൻ കാർഡ് എന്നിവയുടെ കോപ്പി ക്വട്ടേഷനോടൊപ്പം സമർപ്പിക്കുന്നു .
പേര്, അഡ്രസ്സ് എന്നിവയുടെ തെളിവ് മേൽപ്പറഞ്ഞ രേഖകളിൽ ഉണ്ട്.

സ്ഥലം: ഒപ്പ് :
തീയതി: പേര് :